പതിനഞ്ചാം കേരള നിയമസഭ

സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി

(2023-2026)

മുപ്പത്തിയഞ്ചാമത് റിപ്പോർട്ട്

(2024 ഒക്ടോബർ 14-ാം തീയതി സഭയിൽ സമർപ്പിച്ചത്)

1999-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ആക്റ്റ് (2000-ലെ 4-ാം ആക്റ്റ്)-ന കീഴിൽ പുറപ്പെടുവിച്ച 986/2021 ( 2021-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി പദ്ധതി) എസ്.ആർ.ഒ. യുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച റിപ്പോർട്ട്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2024

പതിനഞ്ചാം കേരള നിയമസഭ

# സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി
# (2023-2026)

## മുപ്പത്തിയഞ്ചാമത് റിപ്പോർട്ട്

(2024 ഒക്ടോബർ 14-ാം തീയതി സഭയിൽ സമർപ്പിച്ചത്)

1999-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ആക്ട് (2000-ലെ 4-ാം ആക്ട്)-ന കീഴിൽ പുറപ്പെടുവിച്ച 986/2021 ( 2021-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി പദ്ധതി) എസ്.ആർ.ഒ. യുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച റിപ്പോർട്ട്

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| കമ്മിറ്റിയുടെ ഘടന | - | V |
| അവതാരിക | - | VII |
| റിപ്പോർട്ട് | - | 1 |
| അനുബന്ധം (എസ്.ആർ.ഒ. നമ്പർ 986/2021) | - | |

# സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി

## (2023-2026)

### ഘടന

**ചെയർപേഴ്സൺ :**

ശ്രീ. എം. എം. മണി, എം.എൽ.എ.

**അംഗങ്ങൾ** :

ശ്രീ. കെ. യു. ജനീഷ് കുമാർ, എം.എൽ.എ.

ശ്രീ. യു. എ. ലത്തീഫ്, എം.എൽ.എ.

ഡോ. മാത്യു കുഴൽനാടൻ, എം.എൽ.എ.

ശ്രീ. എം. മുകേഷ്, എം.എൽ.എ.

ശ്രീ. സി. സി. മുകുന്ദൻ, എം.എൽ.എ.

ശ്രീ. വി. കെ. പ്രശാന്ത്, എം.എൽ.എ.

ശ്രീ. സജീവ് ജോസഫ്, എം.എൽ.എ.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ, എം.എൽ.എ.

**നിയമസഭാ സെക്രട്ടേറിയറ്റ്** :

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീമതി സുദർശന കെ., ജോയിന്റ് സെക്രട്ടറി

ശ്രീ. ജയകുമാർ ജി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. അജിത് കുമാർ വി. ഒ., അണ്ടർ സെക്രട്ടറി

# അവതാരിക

സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി (2023-2026)-യുടെ ചെയർപേഴ്സണായ ഞാൻ കമ്മിറ്റി അധികാരപ്പെടുത്തിയതനുസരിച്ച്, കമ്മിറ്റിയുടെ മുപ്പത്തിയഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

1999-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ആക്ട് (2000-ലെ 4-ാം ആക്ട്)-ന്റെ കീഴിൽ പുറപ്പെടുവിച്ച 2021-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി പദ്ധതി (എസ്.ആർ.ഒ. 986/2021) കമ്മിറ്റിയുടെ 22.05.2024, 23.07.2024 എന്നീ യോഗങ്ങളിൽ സൂക്ഷ്മ പരിശോധന നടത്തുകയും ധനകാര്യ (ഇൻഫ്രാസ്ട്രക്ചർ), നിയമം എന്നീ വകുപ്പുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തു.

ഈ വിഷയത്തിൽ സമിതി നടത്തിയ ചർച്ചകളുടെയും തെളിവെടുപ്പിന്റെയും അടിസ്ഥാനത്തിൽ ചട്ടങ്ങളിൽ വരുത്തേണ്ട ഭേദഗതികൾ സംബന്ധിച്ച നിർദ്ദേശങ്ങളും ശിപാർശകളും അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

2024 ഒക്ടോബർ 9-ാം തീയതി ചേർന്ന യോഗത്തിൽ കമ്മിറ്റി ഈ റിപ്പോർട്ട് അംഗീകരിച്ചു.

എം. എം. മണി,
ചെയർപേഴ്സൺ,
സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി.

തിരുവനന്തപുരം,
2024 ഒക്ടോബർ 09

## റിപ്പോർട്ട്

## 2021-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി പദ്ധതി (എസ്.ആർ.ഒ. നം. 986/2021)-യുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച്

സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ പദ്ധതികളിൽ നിക്ഷേപം നടത്തുന്നതിന് ഒരു നിധി രൂപീകരിക്കാനാണ് 1999-ൽ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ആക്റ്റ് രൂപീകരിച്ചത്. ആക്റ്റിൽ വ്യവസ്ഥ ചെയ്ത പ്രകാരം 1999 നവംബർ 11-ാം തിയതിയിലെ സർക്കാർ (അച്ചടി ) നമ്പർ 2211 / 99 /ധനം എന്ന സർക്കാർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചതും 1999 നവംബർ 11-ാംതീയതിയിലെ 2073-ാംനമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയതുമായ എസ് .ആർ ഒ നമ്പർ 920/99 മുഖേന കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി പദ്ധതി രൂപീകരിച്ചു.എന്നാൽ 2016 ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി പദ്ധതി (ഭേദഗതി ) ആക്റ്റ് പ്രകാരം പ്രധാന ആക്റ്റിൽ ചില ഭേദഗതികൾ കൊണ്ട് വന്നതിനെ തുടർന്ന് 1999 ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി പദ്ധതി അതിലംഘിച്ചുകൊണ്ടു രൂപീകരിച്ചതാണ്എസ്.ആർ.ഒ 986/2021.

പ്രസ്തുത എസ്.ആർ.ഒ.യുടെ സൂക്ഷ്മപരിശോധനയുടെ ഭാഗമായി സമിതി ധനകാര്യം, നിയമം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരുമായി 22.05.2024, 23.07.2024 തീയതികളിൽ ചർച്ച നടത്തുകയും ചട്ടത്തിന്മേൽ താഴെപ്പറയുന്ന ഭേദഗതികൾ നിർദ്ദേശിക്കുകയും ചെയ്തു.

1. 1999-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ആക്റ്റിൽ 'നിക്ഷേപ നിധി' എന്നത് രണ്ടു വാക്കുകളായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ പദ്ധതി സംബന്ധിച്ച പ്രസ്തുത എസ്.ആർ.ഒ. യുടെ പീഠികയിലെ ഒന്ന്, അഞ്ച് വരികളിൽ 'നിക്ഷേപനിധി' എന്ന് ഒറ്റവാക്കായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആയത് ആക്റ്റിലേതുപോലെ 'നിക്ഷേപ നിധി' എന്ന് രണ്ട് വാക്കുകളായി സമിതി ശിപാർശ ചെയ്യുന്നു.

2. ഖണ്ഡിക 1 (1) ലെ 'പദ്ധതിയ്ക്ക്' എന്നത് 'പദ്ധതിക്ക്' എന്നാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3. ഇൻവെസ്റ്റ്മെന്റ് മാനേജ്മെന്റ് കമ്മിറ്റിയെക്കുറിച്ച് വ്യവസ്ഥ ചെയ്യുന്നത് ഖണ്ഡിക 13(1) ലാണ്. അതിനാൽ ഖണ്ഡിക 2 (1) (സി) യിലെ ഇൻവെസ്റ്റ്മെന്റ് മാനേജ്മെന്റ് കമ്മിറ്റിയുടെ നിർവ്വചനത്തിൽ '13 -ാം ഖണ്ഡിക' എന്നതിനു പകരം 'ഖണ്ഡിക 13 (1)' എന്ന് ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4. ഇൻവെസ്റ്റ്മെന്റ് മാനേജ്മെന്റ് കമ്മിറ്റിയെ ബോർഡ് നിയമിക്കേണ്ടതാണെന്ന് ഖണ്ഡിക 13 (1 ) വ്യവസ്ഥ ചെയ്യുന്നു. എന്നാൽ ബോർഡ് രൂപീകരിക്കുന്ന കമ്മിറ്റി എന്നാണ് ഖണ്ഡിക 2 (1) (സി) - ൽ ഇൻവെസ്റ്റ്മെന്റ് മാനേജ്മെന്റ് കമ്മിറ്റിയെ നിർവ്വചിച്ചിരിക്കുന്നത്. അതിനാൽ ഏകീകരിക്കുന്നതിനായി ഖണ്ഡിക 13 (1 ) ലേതുപോലെ ഖണ്ഡിക 2 (1) (സി) യിലെ 2-ാമത്തെ വരിയിലെ 'രൂപീകരിക്കുന്ന' എന്ന വാക്കിനു പകരം 'നിയമിക്കുന്ന' എന്നാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5. ഖണ്ഡിക 2(1) (ഇ)-യിലെ 'നടപ്പിലാക്കുന്നത്'' എന്ന വാക്കിനുശേഷം ',' ചിഹ്നം ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6. ഖണ്ഡിക 3(ബി) ലെ 'ബാധകമാകുന്ന' എന്ന വാക്കിനു പകരം 'ബാധകമാക്കുന്ന' എന്നാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

7. ഖണ്ഡിക 4(1) ലെ 'സാമ്പത്തിക സഹായം' എന്ന വാക്കിനു ശേഷം ',' ചിഹ്നം ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

8. അനുബന്ധമായി ചേർത്തിട്ടുള്ള ഫാറത്തെക്കുറിച്ച് പ്രതിപാദിക്കുന്നത് ഖണ്ഡിക 5(2) ൽ ആണ്. ആയതിനാൽ ഫാറത്തിൽ 'ഖണ്ഡിക 5 കണ്ടാലും' എന്നതിനു പകരം 'ഖണ്ഡിക 5(2) കാണുക' എന്നാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

9. ഖണ്ഡിക 5(3) ലെ 'സമർപ്പിക്കേണ്ടതാണ്'' എന്ന വാക്കിനു ശേഷമുള്ള 'പ്രസ്തുത' എന്ന വാക്ക് ഒഴിവാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

10. സ്പോൺസറിംഗ് ഏജൻസിയുടെ ഓഫീസുകൾ എന്നതിൽ പ്രോജക്റ്റിനു സമീപത്തുള്ള ഓഫീസുകളും ഉൾപ്പെടുമെന്നതിനാൽ ഖണ്ഡിക 5(2) ലെ 2- ാ മത്തെ വരിയിലെ 'സ്പോൺസറിംഗ് ഏജൻസിയുടെ ഓഫീസുകളിലെയും പ്രോജക്റ്റ് സ്ഥലത്തിന്

സമീപത്തുള്ള അവരുടെ ഓഫീസുകളിലെയും നോട്ടീസ് ബോർഡുകളിലും സ്പോൺസറിംഗ് ഏജൻസികളുടെ വെബ്സൈറ്റിലും പ്രസിദ്ധീകരിക്കേണ്ടതാണ്.' എന്നതിനു പകരം 'സ്പോൺസറിംഗ് ഏജൻസിയുടെ ഓഫീസുകളിലെ നോട്ടീസ്ബോർഡുകളിലും വെബ്സൈറ്റിലും പ്രസിദ്ധീകരിക്കേണ്ടതാണ്.' എന്നാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

11. ഖണ്ഡിക 5(3) ലെ പ്രോജക്റ്റിനെ സംബന്ധിച്ച ആക്ഷേപങ്ങളും അഭിപ്രായങ്ങളും സമർപ്പിക്കുന്നത് സംബന്ധിച്ചുള്ള "പ്രത്യേക സാഹചര്യത്തിൽ ബോർഡിന്റെ അനുമതിയോടു കൂടി പതിനഞ്ച് ദിവസമായി ചുരുക്കാവുന്നതാണെന്ന്" വ്യവസ്ഥ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

12. ഖണ്ഡിക 5(4) പ്രകാരം പ്രസ്തുത പ്രോജക്റ്റിനെ സംബന്ധിച്ച ആക്ഷേപങ്ങളും അഭിപ്രായങ്ങളും പരിശോധിച്ചതിനുശേഷം, സ്പോൺസറിംഗ് ഏജൻസിക്ക്, ആക്ഷേപങ്ങളും അഭിപ്രായങ്ങളും ലഭിക്കുന്നതിനുള്ള അവസാന തീയതി മുതൽ മുപ്പത് ദിവസക്കാലയളവിനുള്ളിൽ, ആക്ഷേപങ്ങളും അഭിപ്രായങ്ങളും പരിഗണിച്ചതിനുശേഷം അതിന് യുക്തമെന്ന് തോന്നുന്ന ഭേദഗതികൾ നിർദ്ദേശിച്ചുകൊണ്ട് ഒരു റിപ്പോർട്ട് ബോർഡിന് സമർപ്പിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. ആയത് ഖണ്ഡിക 5(4) 'പ്രസ്തുത പ്രോജക്റ്റിനെ സംബന്ധിച്ച് ലഭിക്കുന്ന ആക്ഷേപങ്ങളും അഭിപ്രായങ്ങളും പരിശോധിച്ച് മുപ്പത് ദിവസക്കാലയളവിനുള്ളിൽ അതിന്മേൽ യുക്തമെന്ന് തോന്നുന്ന ഭേദഗതികൾ സ്പോൺസറിങ് ഏജൻസി നിർദ്ദേശിച്ചുകൊണ്ട് ഒരു റിപ്പോർട്ട് ബോർഡിന് സമർപ്പിക്കേണ്ടതാണ്' എന്നാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

13. ഖണ്ഡിക 6(1) ലെ ' പൊതു-സ്വകാര്യപങ്കാളിത്തരീതിയിൽ ' എന്നത് 'പൊതു-സ്വകാര്യ പങ്കാളിത്ത രീതിയിൽ ' എന്നും 'പ്രത്യക്ഷ പരോക്ഷ' എന്നത് 'പ്രത്യക്ഷ-പരോക്ഷ' എന്നും ആക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

14. ഖണ്ഡിക 6(1) ലെ വാല്യൂ ഫോർ മണി ടെസ്റ്റ് വിലയിരുത്തുന്നത് ആരാണെന്നുള്ളത് വ്യക്തമാക്കിയിട്ടില്ലെന്ന് നിരീക്ഷിച്ച സമിതി പ്രസ്തുത ടെസ്റ്റ് നടത്തുന്നത് ബോർഡ് ആയതിനാൽ ഖണ്ഡിക 6(1)-ൽ ആയതിനുള്ള അധികാരം വ്യക്തമാക്കുന്നതിന് ശിപാർശ ചെയ്യുന്നു.

15. ഖണ്ഡിക 6(4)-ൽ 'വാല്യൂ ഫോർ മണി ടെസ്റ്റ്', പ്രോജക്റ്റിന്റെ അവലോകനം, അംഗീകാരം എന്നീ ഘട്ടങ്ങളിലും ദർഘാസിന്റെ പരിശോധനാസമയത്തും വിജയിയായ കരാറുകാരന് ദർഘാസ് നൽകുന്നതിന് മുൻപ്, ദർഘാസ് നൽകിയതിനുശേഷം, എന്നീ ഘട്ടങ്ങളിലും ആവശ്യമായി വരുമ്പോഴൊക്കെയും ബോർഡ് തീരുമാനിക്കുന്ന പ്രകാരം പ്രോജക്റ്റിന്റെ വിവിധ ഘട്ടങ്ങളിൽ നടത്തേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്യുന്നു. ആയത് കൂടുതൽ വ്യക്തമാക്കുന്നതിനായി 'പ്രോജക്റ്റിന്റെ അവലോകനം, അംഗീകാരം എന്നീ ഘട്ടങ്ങളിലും ദർഘാസിന്റെ പരിശോധനാസമയത്തും വിജയിയായ കരാറുകാരന് ദർഘാസ് നൽകുന്നതിന് മുൻപും ദർഘാസ് നൽകിയതിന് ശേഷവും പിന്നീട് ആവശ്യമായി വരുമ്പോഴൊക്കെയും സാമ്പത്തികമായി പരമാവധി ഗുണം ഉറപ്പുവരുത്തുന്നതിനായി ബോർഡ് തീരുമാനിക്കുന്ന പ്രകാരം പ്രോജക്റ്റിന്റെ വിവിധ ഘട്ടങ്ങളിൽ 'വാല്യൂ ഫോർ മണി ടെസ്റ്റ്' നടത്തേണ്ടതാണ്' 'എന്നാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

16. ഖണ്ഡിക 7-ൽ മറ്റു ഉപഖണ്ഡിക ഇല്ലാത്തതിനാൽ 7(1)-ലെ '1' ഒഴിവാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

17. ഖണ്ഡിക 7(1)(എ)-ൽ 1- ാ മത്തെ വരിയിലെ 'ഡിമാൻഡ് സപ്ലൈ പ്രൊജക്ഷൻ 'എന്നതിനു പകരം 'ഡിമാൻഡ് ആൻഡ് സപ്ലൈ പ്രൊജക്ഷൻ' എന്നാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

18. ഖണ്ഡിക 7(1)(ബി)യിലെ ക്ലിപ്ത നിബന്ധനയിൽ 'കീ പെർഫോർമൻസ് ഇൻഡിക്കേറ്റേഴ്സ്' എന്നത് ഇംഗ്ലീഷിലും, മലയാളത്തിലും കൊടുത്തിരിക്കുന്നു. അതിനാൽ ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്ന 'key performance indicators' എന്നത് ഒഴിവാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

19. ഖണ്ഡിക 7(1)(എഫ്) ലെ '(ഫിനാൻഷ്യൽ ഇന്റേണൽ റേറ്റ് ഓഫ് റിട്ടേൺ (IRR)' എന്നതിലെ 'ഫിനാൻഷ്യൽ ' എന്ന പദം ഒഴിവാക്കി '(ഇന്റേണൽ റേറ്റ് ഓഫ് റിട്ടേൺ-IRR)' എന്നും '(ഇക്കണോമിക് റേറ്റ് ഓഫ് റിട്ടേൺ(ERR)' എന്നത് '(ഇക്കണോമിക് റേറ്റ് ഓഫ് റിട്ടേൺ-ERR)' എന്നും 3-ാമത്തെ വരിയിലെ 'വരുമാന തോത്' എന്നതിനു പകരം ' വരുമാന നിരക്ക്' എന്നും ഭേദഗതി വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

20. ഖണ്ഡിക 7(1)(ജെ) യിലെ 'സാങ്കേതിക സാമ്പത്തിക' എന്നത് 'സാങ്കേതിക-സാമ്പത്തിക' എന്നാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

21. ഖണ്ഡിക 9(1) ൽ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ പ്രോജക്റ്റുകൾ സമർപ്പിക്കുന്നതിനു മുൻപായി ബോർഡിന്റെ പി.എഫ്.എം.എസ്. വെബ് പോർട്ടലിൽ രജിസ്റ്റർ ചെയ്യേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നതിൽ പി.എഫ്.എം.എസ് എന്നതിനു ശേഷം ബ്രാക്കറ്റിൽ 'പ്രോജക്റ്റ് ആൻഡ് ഫിനാൻസ് മാനേജ്മെന്റ് സിസ്റ്റം' എന്ന് ഉൾപ്പെടുത്തി കൂടുതൽ വ്യക്തത വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

22. ഖണ്ഡിക 9(4) ലെ 'പൊതു സ്വകാര്യ പങ്കാളിത്ത' എന്നത് 'പൊതു- സ്വകാര്യ പങ്കാളിത്ത' എന്നും 9(4)(ഡി)യിലെ '(Request for Proposal, RFP)'എന്നത് '(Request for Proposal-RFP)' എന്നും (Request for Qualification, RFQ)' എന്നത് (Request for Qualification-RFQ)' എന്നും ഭേദഗതി വരുത്തുവാൻ സമിതി ശിപാർശ ചെയ്യുന്നു.

23. ഭേദഗതി ആക്റ്റിലെ 17 (എ) വകുപ്പ് പ്രകാരം 'പരിശോധന അധികാര സ്ഥാനത്തെ' നിയമിച്ചിട്ടുണ്ടോയെന്നും, എന്നാണ് നിയമിച്ചതെന്നും അംഗങ്ങൾ ആരൊക്കെയാണെന്നും, അംഗങ്ങൾക്ക് വേണ്ട യോഗ്യതകൾ എന്താണെന്നും സമിതി ആരാഞ്ഞു. ഇൻസ്പെക്ഷൻ അതോറിറ്റിയിൽ ഉൾപ്പെടുന്ന ഉദ്യോഗസ്ഥരുടെ യോഗ്യതകൾ സംബന്ധിച്ച് സർക്കാർ ഉത്തരവായിട്ടാണ് (14-02-2017-ലെ സ.ഉ.(എം.എസ്)നം 77/2017/ധന പ്രകാരം) പുറപ്പെടുവിച്ചിട്ടുള്ളതെന്ന് വകുപ്പ് അറിയിച്ചു. ആയത് എസ്.ആർ.ഒ ആയി പുറപ്പെടുവിക്കാത്തതിന്റെ കാരണം സമിതി ആരാഞ്ഞതിൽ എസ്.ആർ.ഒ ആയി പുറപ്പെടുവിച്ചാൽ ഉദ്യോഗസ്ഥർക്ക് മതിയായ ക്വാളിഫിക്കേഷൻ ഇല്ലെങ്കിൽ ഗവൺമെന്റിന് ചെറിയൊരു ഇളവ് പോലും നൽകാൻ സാധിക്കുകയില്ലെന്ന് വകുപ്പ് മറുപടി നൽകി . ആക്റ്റിൽ By General / special order എന്ന് പ്രത്യേകമായി പറയുന്നത് കൊണ്ടും പ്രസ്തുത അധികാരം ഉപയോഗിച്ചാണ് ഉത്തരവിറക്കുന്നത് എന്നത് കൊണ്ടും നിയമനം എസ്. ആർ. ഒ ആയി പുറപ്പെടുവിക്കേണ്ടതുണ്ടെന്ന് സമിതി അഭിപ്രായപ്പെട്ടു. ലിബറൽ സ്റ്റാൻഡ് ലഭിക്കാനാണ് ആക്റ്റിൽ ബൈ ജനറൽ ഉപയോഗിച്ചിരിക്കുന്നതെന്നും ഇതുപോലുള്ള എല്ലാ ഉത്തരവുകളും എസ്.ആർ.ഒ. ആയി പുറപ്പെടുവിച്ചാൽ അതെല്ലാം സബ്ജക്റ്റ് കമ്മിറ്റിയുടെ പരിശോധനയ്ക്ക് വരുമെന്നും നോട്ടിഫിക്കേഷൻ വഴി നടത്തുന്ന നിയമനങ്ങളെ അത് ബാധിക്കില്ലെങ്കിലും കിഫ്ബിയുടെ ഓരോ നിയമനവും സബ്ജക്റ്റ് കമ്മിറ്റിയുടെ പരിശോധനയ്ക്ക് വിധേയമാകുമ്പോൾ ചില പ്രായോഗിക ബുദ്ധിമുട്ടുകളുണ്ടാകുമെന്നും നിയമ വകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിച്ചു. ആക്റ്റിൽ എസ്.ആർ.ഒ. പുറപ്പെടുവിക്കണമെന്ന് പറയുന്നതിനാൽ ഇതുമായി ബന്ധപ്പെട്ട ഏതെങ്കിലും വിഷയത്തിന്മേൽ കോടതിയെ സമീപിച്ചാൽ സ്റ്റാറ്റ്യൂട്ടറിയായിട്ടുള്ള വാലിഡിറ്റി ലഭിക്കില്ലെന്ന് സമിതി ചൂണ്ടിക്കാട്ടി. ഇൻസ്പെക്ഷൻ അതോറിറ്റിയുടെ ഹെഡിനെ സെൻട്രൽ ഗവൺമെന്റിൽ നിന്നും ഡെപ്യൂട്ടേഷൻ അടിസ്ഥാനത്തിൽ നിയമിക്കണമെന്നാണ് പറയുന്നതെന്നും അത്തരത്തിൽ ഉദ്യോഗസ്ഥനെ ലഭിക്കാത്തതിനാലാണ് കരാർ അടിസ്ഥാനത്തിൽ നിയമിച്ചതെന്നും വകുപ്പ് മറുപടി നൽകി. എന്നാൽ അപ്രകാരം നിയമിക്കുന്നതിന് ആക്റ്റിൽ 'may appoint' എന്ന് മാത്രമേ കാണുകയുള്ളൂ എന്ന് സമിതിക്കു അഭിപ്രായമുണ്ട്. ആയതിനാൽ <u>ഇൻസ്പെക്ഷൻ അതോറിറ്റിയിൽ ഉൾപ്പെടുന്ന ഉദ്യോഗസ്ഥരുടെ യോഗ്യതകൾ, നിയമനം എന്നിവ എസ്.ആർ.ഒ. ആയി പ്രസിദ്ധീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

24. ഖണ്ഡിക 12(2) ൽ 2-ാമത്തെ വരിയിലെ 'നിർവ്വഹണ ഘട്ടം ' എന്നത് 'നിർവ്വഹണഘട്ടം' എന്നും 3-ാമത്തെ വരിയിലെ 'പ്രവ്യത്തികളുടെ ഗുണനിലവാരം' എന്നത് 'പ്രവൃത്തികളുടെ ഗുണനിലവാരം' എന്നും 4-ാമത്തെ വരിയിലെ 'നടപടി ക്രമങ്ങൾ' എന്നത് 'നടപടിക്രമങ്ങൾ' എന്നും 5-ാമത്തെ വരിയിലെ 'പ്രൊജക്റ്റ് 'എന്നത് 'പ്രോജക്റ്റ്' എന്നും ഭേദഗതി വരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി ശിപാർശ ചെയ്യുന്നു.

25. ഖണ്ഡിക 12(3) ൽ 2-ാമത്തെ വരിയിലെ 'എക്സ്ക്യൂട്ടീവ് ഓഫീസർക്കോ' എന്നത് 'എക്സിക്യൂട്ടീവ് ഓഫീസർക്കോ' എന്നും 7-ാമത്തെ വരിയിലെ' ശുപാർശ' എന്നതു 'ശിപാർശ' എന്നും ഭേദഗതി വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

26. ഖണ്ഡിക 12(4)ൽ 'ക്ഷമതയുള്ള അധികാരസ്ഥാനത്തിന്റെ' അംഗീകാരത്തോടെ തിരുത്തൽ നടപടി പാലിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. 'ക്ഷമതയുള്ള അധികാരസ്ഥാനം' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ആരെയാണെന്ന് തെളിവെടുപ്പ് യോഗത്തിൽ സമിതി ആരാഞ്ഞിരുന്നു. 'ക്ഷമതയുള്ള അധികാരസ്ഥാനത്തിന്റെ' എന്ന പദം ആശയക്കുഴപ്പം സൃഷ്ടിക്കുമെന്നതിനാൽ 'ക്ഷമതയുള്ള അധികാരസ്ഥാനം' എന്നത് നിർവ്വചിക്കേണ്ടതാണെന്നു സമിതി നിരീക്ഷിച്ചു. ആയതിനാൽ 'ക്ഷമതയുള്ള അധികാരസ്ഥാനം' എന്നത് നിർവ്വചനത്തിൽ ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

27. ഖണ്ഡിക 12(5) ൽ നിർവ്വഹണത്തിന്റെ ഗുണനിലവാരത്തിൽ, ഏതെങ്കിലും ന്യൂനത കാണുകയാണെങ്കിൽ ആയത് സർക്കാരിലേക്ക് യുക്തമായ നടപടികൾക്കായി റഫർ ചെയ്യേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. എന്നാൽ ആരാണ് റഫർ ചെയ്യേണ്ടതെന്നും യുക്തമായ നടപടികൾ എന്താണെന്നും വ്യക്തമാക്കേണ്ടതുണ്ടെന്നു സമിതി നിരീക്ഷിച്ചു പ്രസ്തുത വിഷയത്തിൽ ബോർഡ് തന്നെയാണ് റഫർ ചെയ്യേണ്ടതെന്നും 'യുക്തമായ നടപടി' എന്നത് സർക്കാരിന്റെ വിശേഷാധികാരത്തിൽ വരുന്ന കാര്യമായതുകൊണ്ട് ബന്ധപ്പെട്ട ഭരണ വകുപ്പുകളാണ് അക്കാര്യത്തിൽ തീരുമാനമെടുക്കുന്നതെന്നും കൂടാതെ കണ്ടെത്തുന്ന ഓരോ ന്യൂനതയിന്മേലും എന്ത് നടപടി സ്വീകരിക്കാമെന്നത് അതത് വിഷയത്തെ ആശ്രയിച്ചിരിക്കുന്നതിനാൽ 'യുക്തമായ നടപടി' എന്നത് എന്താണെന്ന് മുൻകൂട്ടി നിർവ്വചിക്കാൻ ചെയ്യാൻ സാധിക്കുകയില്ലെന്നും പി.ഡബ്ല്യൂ.ഡി. മാന്വലിലെയും മറ്റും പ്രൊവിഷൻ അനുസരിച്ചുള്ള നടപടികളാണ് സ്വീകരിക്കുന്നതെന്നും ന്യൂനതകൾ കണ്ടെത്തുന്ന ചില സ്ഥാപനങ്ങളെ കരിമ്പട്ടികയിൽപ്പെടുത്തുകയോ ചിലതിന് ഗവൺമെന്റ് ടെൻഡർ നൽകാതിരിക്കുകയോ ചെയ്യുന്നതുപോലെയുള്ള നടപടികൾ സ്വീകരിക്കുന്ന സാഹചര്യത്തിൽ വകുപ്പിന്റെ പ്രായോഗിക ബുദ്ധിമുട്ടുകൂടി പരിഗണിച്ചാണ് 'യുക്തം' എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നതെന്നും വകുപ്പ് വ്യക്തമാക്കിയതിനെ തുടർന്ന് ഖണ്ഡിക 12(5)-ൽ 'യുക്തമായ നടപടിക്കായി' എന്നതിന് പകരം 'നിയമാനുസൃതമായ തുടർനടപടിക്കായി' എന്ന് മാറ്റം വരുത്തുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

28. ഖണ്ഡിക 14(2)-ന് ക്ലിപ്ത നിബന്ധനയുള്ളതിനാൽ 'നൽകേണ്ടതാണ്.' എന്നതിനു പകരം 'നൽകേണ്ടതാണ് :' എന്നാക്കി ഭേദഗതി വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

29. ഖണ്ഡിക 14(2)-നുള്ള ക്ലിപ്ത നിബന്ധനയിലെ 'പ്രസ്തുത കാലയളവിൽ കുറഞ്ഞ നോട്ടീസ് കാലയളവിൽ' എന്നതിനു പകരം 'പ്രസ്തുത കാലയളവിനുള്ളിൽ നോട്ടീസ് നൽകി' എന്നാക്കി ഭേദഗതി വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

30. ഖണ്ഡിക 14(2)-നുള്ള ക്ലിപ്ത നിബന്ധനയിലും ഖണ്ഡിക 14(4)ലും ഉള്ള 'അടിയന്തിര' എന്നത് 'അടിയന്തര' എന്നും ഖണ്ഡിക 14(3) ലെ 'വീഡിയോ കോൺഫറൻസിലൂടെ' എന്നതു 'വീഡിയോ കോൺഫറൻസിംഗിലൂടെ' എന്നും ഭേദഗതി വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

31. ഖണ്ഡിക 14(4) ന് ക്ലിപ്ത നിബന്ധനയുള്ളതിനാൽ 'സമർപ്പിക്കാവുന്നതാണ്.' എന്നതിനു പകരം 'സമർപ്പിക്കാവുന്നതാണ്:' എന്നാക്കി ഭേദഗതി വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

32. ഖണ്ഡിക 14(4) നുള്ള ക്ലിപ്ത നിബന്ധനയിൽ അജണ്ട ഇന്ത്യയിലുള്ള എല്ലാ അംഗങ്ങൾക്കും നൽകേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. ആയതിലെ 'ഇന്ത്യയിലുള്ള' എന്ന വാക്ക് ഒഴിവാക്കി 'എല്ലാ അംഗങ്ങൾക്കും തപാൽ/ഇ മെയിൽ മുഖാന്തിരം വിതരണം ചെയ്യാവുന്നതാണ്" എന്ന തരത്തിൽ മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

33. ഖണ്ഡിക 15-ൽ ബോർഡ് യോഗങ്ങളിൽ പങ്കെടുക്കുന്നതിനാണ് അംഗങ്ങൾക്ക് ആനുകൂല്യങ്ങൾ നൽകുന്നത് എന്നതിനാൽ ഖണ്ഡിക 15(1)-ലെ 3-ാമത്തെ വരിയിലെ "യോഗങ്ങളിൽ പങ്കെടുക്കുന്നതിന്" എന്നീ വാക്കുകൾക്ക് മുന്നിൽ 'ബോർഡ്" എന്ന വാക്ക് കൂടി ചേർത്ത് വ്യക്തത വരുത്തേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

34. യോഗങ്ങളിൽ പങ്കെടുക്കുന്നതിന് സിറ്റിംഗ് ഫീസ് ആണ് നല്കുന്നതെന്നതിനാൽ 'ഓണറേറിയം' എന്ന പ്രയോഗം ഒഴിവാക്കി 'സിറ്റിംഗ് ഫീസ് ' എന്നാക്കി മാറ്റണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

35. ഖണ്ഡിക 16(2) ൽ 1-ാമത്തെ വരിയിലെ 'ബോർഡിന്റെ കണക്കുകൾ അക്കൗണ്ട് സംബന്ധിച്ച്' എന്നതിനു പകരം 'ബോർഡിന്റെ വാർഷിക കണക്കുകൾ, അക്കൗണ്ട് സംബന്ധിച്ച്' എന്നാക്കി മാറ്റണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

36. ഖണ്ഡിക 16(3) ൽ ആഡിറ്റർക്ക് ബോർഡ് നിശ്ചയിക്കുന്ന പ്രകാരമുള്ള വേതനം ലഭിക്കുന്നതുമാണ് എന്നു വ്യവസ്ഥ ചെയ്യുന്നു. ആഡിറ്റർക്ക് പ്രതിഫലമാണ്

നൽകേണ്ടതിനാൽ 'വേതനം' എന്നതിനു പകരം 'പ്രതിഫലം' എന്നാക്കി മാറ്റണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

37. അനുബന്ധം 1ൽ വ്യക്തമാക്കിയിട്ടുള്ള ഫാറത്തിലെ 2.3(സി) യിൽ 'തെരഞ്ഞടുത്തത് എന്നതിനു പകരം 'തെരഞ്ഞെടുത്തത് ? ' എന്നും 2.10, 2.11, 2.12 ൽ വാക്കുകളുടെ അവസാനം ' ? ' എന്ന ചിഹ്നവും ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

38. ആക്റ്റിലെ വകുപ്പ് 5A(3)-ൽ ബോർഡിലെ യോഗത്തിന്റെ അജണ്ട യോഗത്തിൽ ഹാജരായതും വോട്ട് ചെയ്യുന്നതുമായ 2/3 അംഗങ്ങളുടെ ഭൂരിപക്ഷത്തോടെ തീരുമാനിക്കുമെന്ന് പറഞ്ഞിരിക്കുന്നു. എന്നാൽ ഖണ്ഡിക 14 (2)-ൽ യോഗതീയതിക്ക് ചുരുങ്ങിയത് 10 ദിവസം മുമ്പ് അജണ്ട സഹിതം അംഗങ്ങൾക്ക് യോഗത്തിനുള്ള അറിയിപ്പ് നൽകേണ്ടതാണെന്നും പറഞ്ഞിരിക്കുന്നു. രണ്ടും തമ്മിലുള്ള യോജിപ്പില്ലായ്മ നിരീക്ഷിച്ച സമിതി ആക്റ്റിലെ 5A(3)-ൽ അജണ്ടയിന്മേലുള്ള തീരുമാനമെന്നാണ് ഉദ്ദേശിക്കുന്നതെന്നും ഇംഗ്ലീഷ് ആക്റ്റിൽ വ്യക്തതക്കുറവില്ലെന്നും മലയാളം ആക്റ്റിലാണ് ആശയക്കുഴപ്പമുള്ളതെന്നും മനസിലാക്കിയ സമിതി ഭാവിയിൽ പ്രസ്തുത ആക്റ്റ് ഭേദഗതി ചെയ്യുന്ന അവസരത്തിൽ ഈ ഭേദഗതി കൂടി ഉൾപ്പെടുത്തുവാൻ നിർദ്ദേശിച്ചു.

39. ബോർഡിലെ അംഗങ്ങളുടെ പ്രതിഫലം സംബന്ധിച്ച് ആക്റ്റിൽ പറയുന്നുണ്ടെങ്കിലും ഫണ്ട് ട്രസ്റ്റി അഡ്വൈസറി കമ്മീഷനിലെ അംഗങ്ങൾക്ക് പ്രതിഫലം നൽകുന്നത് സംബന്ധിച്ച് ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതായി കാണുന്നില്ല. ആക്റ്റിന് അനുസൃതമല്ലാത്ത വ്യവസ്ഥ ഇത്തരത്തിൽ ഖണ്ഡിക 15-ൽ ഉൾപ്പെടുത്തിയതിലെ അപാകത പരിശോധിച്ച് സമിതിയെ അറിയിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

ആക്റ്റിന് അനുസൃതമായി ചട്ടങ്ങൾ പുറപ്പെടുവിക്കുമ്പോൾ ആക്റ്റിന്റെ അന്തഃസത്ത ഉൾക്കൊണ്ടുകൊണ്ടുള്ള വ്യവസ്ഥകൾ ചട്ടങ്ങളിൽ ഉൾപ്പെടുത്താൻ ബന്ധപ്പെട്ട വകുപ്പുകൾ ശ്രദ്ധപുലർത്തേണ്ടതാണ്. എസ്.ആർ.ഒ.-യുടെ സൂക്ഷ്മപരിശോധനയിലൂടെയും തെളിവെടുപ്പിലൂടെയും സമിതി എത്തിച്ചേർന്ന നിഗമനങ്ങൾക്കും നിർദ്ദേശങ്ങൾക്കും ശിപാർശകൾക്കും സർക്കാർ സജീവ പരിഗണന നൽകി ശിപാർശകളിന്മേൽ എത്രയും വേഗം നടപടി സ്വീകരിക്കുമെന്നും പ്രസ്തുത ശിപാർശകൾ നടപ്പാക്കുന്നതിലൂടെ മേൽ എസ്.ആർ.ഒ.-യിലെ ന്യൂനതകൾ പരിഹരിക്കപ്പെടുമെന്നും സമിതി പ്രത്യാശിക്കുന്നു.

എം. എം. മണി,
ചെയർപേഴ്സൺ,
സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി

തിരുവനന്തപുരം,
2024 ഒക്ടോബർ 09

©
കേരള സർക്കാർ
Government of Kerala
2021

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 10<br>Vol. X | തിരുവനന്തപുരം,<br>വെള്ളി<br>Thiruvananthapuram,<br>Friday | 2021 ഡിസംബർ 24<br>24th December 2021<br>1197 ധനു 9<br>9th Dhanu 1197<br>1943 പൌഷം 3<br>3rd Pousha 1943 | നമ്പർ<br>No. | 3797 |

### കേരള സർക്കാർ

### ധനകാര്യ (ഇൻഫ്രാസ്ട്രക്ചർ) വകുപ്പ്

### വിജ്ഞാപനം

സ.ഉ.(അച്ചടി) നം. 167/2021/ധനം. *തീയതി, തിരുവനന്തപുരം, 2021 ഡിസംബർ 8*

*1197 വൃശ്ചികം 23*

എസ്. ആർ. ഒ. നമ്പർ 986/2021

1999-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി ആക്റ്റിലെ (2000-ലെ 4) 3-ാം വകുപ്പ് പ്രകാരം നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ച് കൊണ്ട് 1999 നവംബർ 11-ാം തീയതിയിലെ സ.ഉ. (അച്ചടി) നം. 2211/99/ധനം. എന്ന വിജ്ഞാപനപ്രകാരം പുറപ്പെടുവിച്ചതും 1999 നവംബർ 11-ാം തീയതിയിലെ 2073-ാം നമ്പർ അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 920/1999 ആയി പ്രസിദ്ധപ്പെടുത്തിയതുമായ 1999-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി പദ്ധതി അതിലംഘിച്ചുകൊണ്ടും കേരള സർക്കാർ ഇതിനാൽ താഴെ പറയുന്ന പദ്ധതി രൂപീകരിക്കുന്നു, അതായത്:-

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## പദ്ധതി

1. *ചുരുക്കപ്പേരും പ്രാരംഭവും*.- (1) ഈ പദ്ധതിയ്ക്ക് 2021-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി പദ്ധതി എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. *നിർവ്വചനങ്ങൾ*.- (1) ഈ പദ്ധതിയിൽ, സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം.-

(എ) "ആക്റ്റ്" എന്നാൽ 1999-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ആക്റ്റ് (2000-ലെ 4) എന്നർത്ഥമാകുന്നു;

(ബി) "വിശദമായ പ്രോജക്റ്റ് റിപ്പോർട്ട്" എന്നാൽ, പദ്ധതിയുടെ 9-ാം ഖണ്ഡിക (3) -ാം ഉപഖണ്ഡികയിൽ പരാമർശിച്ച പ്രകാരമുള്ള റിപ്പോർട്ട് എന്നർത്ഥമാകുന്നു.

(സി) "ഇൻവെസ്റ്റ്മെന്റ് മാനേജ്മെന്റ് കമ്മിറ്റി" എന്നാൽ ഈ പദ്ധതിയുടെ 13-ാം ഖണ്ഡിക പ്രകാരം ബോർഡ് രൂപീകരിക്കുന്ന കമ്മിറ്റി എന്നർത്ഥമാകുന്നു;

(ഡി) "ഇൻവെസ്റ്റ്മെന്റ് മാനേജ്മെന്റ് നയം" എന്നാൽ ഇൻവെസ്റ്റ്മെന്റ് മാനേജ്മെന്റ് കമ്മിറ്റി ആവിഷ്കരിച്ചതും ബോർഡ് അംഗീകാരം നൽകിയതുമായ നയം എന്നർത്ഥമാകുന്നു;

(ഇ) "പൊതുമേഖലാ താരതമ്യ നിർണ്ണയം" എന്നാൽ സർക്കാരിന്റെയോ അതിന്റെ ഏജൻസികളുടെയോ പൂർണ്ണ ഉടമസ്ഥതയിലോ സാമ്പത്തിക സഹായത്തിലോ ആയിരുന്നു ഒരു പദ്ധതി നടപ്പിലാക്കുന്നത് എങ്കിൽ അപ്രകാരം നടപ്പാക്കുമ്പോൾ ഉണ്ടാകാവുന്ന റിസ്കുകൾ കൂടി, കണക്കിലെടുത്തുകൊണ്ടുള്ള പ്രസ്തുത പ്രോജക്റ്റിന്റെ ആകെ ചെലവ് എന്നർത്ഥമാകുന്നു.

(എഫ്) "തിരിച്ചടവ് കരാർ" എന്നാൽ പദ്ധതിയുടെ 4-ാം ഖണ്ഡികയിലെ (3) -ാം ഉപഖണ്ഡികയിൽ വ്യക്തമാക്കിയ വരുമാനദായകമായ പ്രോജക്റ്റുകൾക്ക് വേണ്ടി, ഒരു പൊതു ഏജൻസിയും ബോർഡും തമ്മിൽ ഏർപ്പെടുന്ന കരാർ എന്നർത്ഥമാകുന്നു;

(ജി) "വാല്യൂ ഫോർ മണി ടെസ്റ്റ്" എന്നാൽ ആക്റ്റിലെ വ്യവസ്ഥകൾക്കനുസൃതമായി പൊതു ഏജൻസിയോ സർക്കാർ വകുപ്പോ ഒരു പൊതു-സ്വകാര്യ പങ്കാളിത്തം വഴി ഒരു പ്രോജക്റ്റ് നിർദ്ദേശിച്ചിട്ടുള്ളിടത്ത്, പ്രസ്തുത പ്രോജക്റ്റുമായി ബന്ധപ്പെട്ട ചെലവുകളുടെയും ആനുകൂല്യങ്ങളുടെയും പരിമാണപരവും ഗുണപരവുമായ ഒരു വിലയിരുത്തൽ എന്നർത്ഥമാകുന്നു;

(എച്ച്) "ധനകാര്യസ്ഥാപനങ്ങൾ" എന്നാൽ ബാങ്ക്-ബാങ്കിതര ധനകാര്യസ്ഥാപനങ്ങൾ എന്നർത്ഥമാകുന്നു;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(2) ഈ പദ്ധതിയിൽ ഉപയോഗിച്ചിട്ടുള്ളതും എന്നാൽ നിർവ്വചിച്ചിട്ടില്ലാത്തതും, ആക്റ്റിൽ നിർവ്വചിച്ചിട്ടുള്ളതുമായ എല്ലാ വാക്കുകൾക്കും പദപ്രയോഗങ്ങൾക്കും ആക്റ്റിൽ അവയ്ക്ക് നൽകിയിട്ടുള്ള അതേ അർത്ഥം ഉണ്ടായിരിക്കുന്നതാണ്.

*3. സഹായം ലഭിക്കുന്നതിന് പ്രോജക്റ്റുകൾക്കുള്ള അർഹത.*- ആക്റ്റിന്റെ 3എ വകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, താഴെ പറയുന്ന പ്രോജക്റ്റുകൾക്ക് നിധിയിൽനിന്നുള്ള സഹായത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്, അതായത്:-

(എ) നൂറുകോടി രൂപയിൽ കവിയുന്ന പ്രോജക്റ്റ് പൊതു ഏജൻസി നടപ്പിലാക്കുമ്പോൾ;

(ബി) സർക്കാർ പൊതുവായതോ പ്രത്യേകമായതോ ആയ ഉത്തരവ് വഴി ആക്റ്റിലെ വ്യവസ്ഥകൾ ബാധകമാകുന്ന പൊതു-സ്വകാര്യ പങ്കാളിത്ത പ്രോജക്റ്റ്.

*4. സാമ്പത്തിക സഹായവും സഹായം നൽകുന്ന രീതിയും.*- (1) നിധിയിൽ നിന്നുള്ള സാമ്പത്തിക സഹായം സംസ്ഥാനത്ത് അടിസ്ഥാന സൗകര്യ വികസന പദ്ധതികളിൽ നിക്ഷേപിക്കുന്നതിനുള്ള ഇക്വിറ്റിയുടേയോ ഗ്രാന്റുകളുടെയോ വായ്പകളുടെയോ രൂപത്തിൽ ആയിരിക്കുന്നതാണ്.

(2) ഓരോ പ്രോജക്റ്റിന്റെയും അടിസ്ഥാനത്തിൽ, ഇക്വിറ്റിയുടെയും ഗ്രാന്റുകളുടെയും വായ്പയുടെയും അനുപാതത്തിന്റെ ഘടന, ബോർഡ് നിർണ്ണയിക്കേണ്ടതാണ്.

(3) സാമ്പത്തിക സഹായം വായ്പയുടെ രൂപത്തിൽ നൽകുന്ന സംഗതിയിൽ, പ്രസ്തുത വായ്പ സംബന്ധിച്ച വ്യവസ്ഥകളും നിബന്ധനകളും, ബോർഡും പൊതു ഏജൻസിയും തമ്മിൽ ഉണ്ടാക്കുന്ന തിരിച്ചടവ് കരാറിൽ വ്യക്തമാക്കുന്ന പ്രകാരമായിരിക്കുന്നതാണ്.

*5. പൊതു-സ്വകാര്യ പങ്കാളിത്തത്തിലൂടെ നടപ്പിലാക്കുന്ന പ്രോജക്റ്റിന്റെ വിശദാംശങ്ങൾ ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചുകൊണ്ട് പ്രസിദ്ധീകരിക്കുന്നത്.*- (1) പൊതു-സ്വകാര്യ പങ്കാളിത്ത രീതിയിൽ ഒരു പ്രോജക്റ്റ് നടപ്പിലാക്കുന്നതിനുള്ള സർക്കാരിന്റെ തീരുമാനം ലഭിച്ചതിനുശേഷം, അഞ്ചു ദിവസങ്ങൾക്കകം ബോർഡ് പ്രസ്തുത വിവരം സ്പോൺസറിംഗ് ഏജൻസിയെ അറിയിക്കേണ്ടതാണ്.

(2) പ്രസ്തുത അറിയിപ്പ് ലഭിച്ച് പതിനഞ്ച് ദിവസങ്ങൾക്കകം സ്പോൺസറിംഗ് ഏജൻസി, പ്രോജക്റ്റിന്റെ വിശദാംശങ്ങൾ, അനുബന്ധം 1-ൽ വ്യക്തമാക്കിയിട്ടുള്ള ഫാറത്തിൽ സ്പോൺസറിംഗ് ഏജൻസിയുടെ ഓഫീസുകളിലെയും പ്രോജക്റ്റ് സ്ഥലത്തിന് സമീപത്തുള്ള അവരുടെ ഓഫീസുകളിലെയും നോട്ടീസ് ബോർഡുകളിലും, സ്പോൺസറിംഗ് ഏജൻസികളുടെ വെബ്സൈറ്റിലും, പ്രസിദ്ധീകരിക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(3) നിർദ്ദിഷ്ട പ്രോജക്റ്റിനെ സംബന്ധിച്ച ആക്ഷേപങ്ങളും അഭിപ്രായങ്ങളും പ്രസ്തുത നോട്ടീസ് പ്രസിദ്ധീകരിച്ച് മുപ്പത് ദിവസക്കാലയളവിനുള്ളിൽ സമർപ്പിക്കേണ്ടതാണെന്ന് പ്രസ്തുത നോട്ടീസിൽ വ്യക്തമാക്കേണ്ടതാണ്. പ്രത്യേക സാഹചര്യങ്ങളിൽ ആയത് ബോർഡിന്റെ അനുമതിയോടുകൂടി പതിനഞ്ച് ദിവസമായി ചുരുക്കാവുന്നതാണ്.

(4) പ്രസ്തുത പ്രോജക്റ്റിനെ സംബന്ധിച്ച് ലഭിച്ച ആക്ഷേപങ്ങളും അഭിപ്രായങ്ങളും പരിശോധിച്ചതിനുശേഷം, സ്പോൺസറിംഗ് ഏജൻസിക്ക്, ആക്ഷേപങ്ങളും അഭിപ്രായങ്ങളും ലഭിക്കുന്നതിനുള്ള അവസാന തീയതി മുതൽ മുപ്പത് ദിവസക്കാലയളവിനുള്ളിൽ, ആക്ഷേപങ്ങളും അഭിപ്രായങ്ങളും പരിഗണിച്ചതിനുശേഷം അതിന് യുക്തമെന്ന് തോന്നുന്ന ഭേദഗതികൾ നിർദ്ദേശിച്ചുകൊണ്ട് ഒരു റിപ്പോർട്ട് ബോർഡിന് സമർപ്പിക്കേണ്ടതാണ്.

*6.* *<u>വാല്യൂ ഫോർ മണി ടെസ്റ്റ്</u>*.- (1) പൊതു-സ്വകാര്യപങ്കാളിത്തരീതിയിൽ ഒരു പദ്ധതി നടപ്പിലാക്കുമ്പോൾ അത് സർക്കാരിനോ പൊതു ഏജൻസിക്കോ സാമ്പത്തികമായി പരമാവധി ഗുണം ചെയ്യുമെന്ന് ഉറപ്പു വരുത്തുന്നതിനുള്ള ആവശ്യത്തിലേക്കായാണ് 'വാല്യൂ ഫോർ മണി ടെസ്റ്റ് ' നടത്തുന്നത്. പദ്ധതിയുടെ പ്രത്യക്ഷ പരോക്ഷ ചെലവുകളും നിർവ്വഹണ ചെലവുകളും ധനസഹായച്ചെലവുകളും പദ്ധതി പൂർത്തീകരിച്ച ശേഷമുള്ള ആസ്തി കൈമാറ്റ ചെലവുകളും സാധ്യതയുള്ള റിസ്കുകളുടെ മതിപ്പു ചെലവും 'വാല്യൂ ഫോർ മണി ടെസ്റ്റിൽ' പരിഗണിക്കേണ്ടതാണ്.

(2) പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള പ്രോജക്റ്റുകളുടെ സംഗതിയിലും 'വാല്യൂ ഫോർ മണി ടെസ്റ്റ് ' ആവശ്യമാണെന്ന് ബോർഡ് കരുതുന്ന പ്രകാരമുള്ള മറ്റു പ്രോജക്റ്റുകളുടെ സംഗതിയിലും 'വാല്യൂ ഫോർ മണി ടെസ്റ്റ് ' സാധ്യതാ പഠനത്തിന്റെ ഭാഗമായിരിക്കുന്നതാണ്.

(3) ഒരു പ്രോജക്റ്റ് നടപ്പിലാക്കുന്നതിനുള്ള ഏറ്റവും അനുയോജ്യമായ രീതി നിർണ്ണയിക്കുക, പൊതു-സ്വകാര്യ പങ്കാളിത്ത രീതിയിൽ നടപ്പിലാക്കുന്ന പ്രോജക്റ്റുകളുടെ സംഗതിയിൽ, പ്രോജക്റ്റിൽ പങ്കെടുക്കുന്നതിനായി, സ്വകാര്യ മേഖലാ പങ്കാളിയിൽ നിന്നും ലഭിക്കുന്ന ദർഘാസുകളുടെ പരിശോധന നടത്തുന്നതിന് സഹായിക്കുക എന്നിവ 'വാല്യൂ ഫോർ മണി ടെസ്റ്റിന്റെ' പ്രാഥമിക ഉദ്ദേശ്യമായിരിക്കുന്നതാണ്.

(4) 'വാല്യൂ ഫോർ മണി ടെസ്റ്റ് ', പ്രോജക്റ്റിന്റെ അവലോകനം, അംഗീകാരം എന്നീ ഘട്ടങ്ങളിലും ദർഘാസിന്റെ പരിശോധനാ സമയത്തും, വിജയിയായ കരാറുകാരന് ദർഘാസ് നൽകുന്നതിന് മുൻപ്, ദർഘാസ് നൽകിയതിന് ശേഷം, എന്നീ ഘട്ടങ്ങളിലും ആവശ്യമായി വരുമ്പോഴൊക്കെയും ബോർഡ് തീരുമാനിക്കുന്ന പ്രകാരം പ്രോജക്റ്റിന്റെ വിവിധ ഘട്ടങ്ങളിൽ നടത്തേണ്ടതാണ്.

(5) സാധ്യതാ പഠനത്തിൽ, 'വാല്യൂ ഫോർ മണി ടെസ്റ്റ്' പ്രാഥമികമായി ഒരു പൊതുമേഖലാ താരതമ്യ നിർണ്ണയവും, മാത്സര്യ-നിഷ്പക്ഷതാ ക്രമീകരണങ്ങൾ (Competitive Neutrality Adjustment), കൈമാറ്റം ചെയ്യാവുന്നതും നിലനിർത്താവുന്നതുമായ റിസ്ക്കുകൾ, ബോർഡ് സമയാസമയങ്ങളിൽ പുറപ്പെടുവിക്കുന്ന മറ്റ് മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ കണക്കിലെടുത്ത് പദ്ധതിയിൽ നിന്നുള്ള കൃത്യമായ ഗുണഫലങ്ങൾ

വ്യക്തമാക്കിക്കൊണ്ട്, പൊതു-സ്വകാര്യ പങ്കാളിത്ത രീതിയിൽ പ്രോജക്റ്റ് നടപ്പിലാക്കുന്നതിനുള്ള എസ്റ്റിമേറ്റും തയ്യാറാക്കേണ്ടതാണ്. അത് വഴി പൊതു ഏജൻസി നേരിട്ട് പ്രോജക്റ്റ് നടപ്പിലാക്കുമ്പോഴും പൊതു-സ്വകാര്യ പങ്കാളിത്ത രീതിയിൽ നടപ്പിലാക്കുമ്പോഴുമുള്ള, റിസ്ക് കണക്കിലെടുത്തുകൊണ്ടുള്ള പ്രോജക്റ്റിന്റെ ആകെ ചെലവ് താരതമ്യം ചെയ്യുവാൻ സാധ്യമാകുന്നതാണ്.

(6) ദർഘാസിന് മുൻപ് പ്രോജക്റ്റ് വിലയിരുത്തുന്ന ഘട്ടത്തിൽ 'വാല്യൂ ഫോർ മണി ടെസ്റ്റ് ', പൊതു-സ്വകാര്യ പങ്കാളിത്ത രീതിയിൽ നടപ്പിലാക്കുവാനുള്ള തീരുമാനമെടുക്കണമോ വേണ്ടയോ എന്ന് സൂചിപ്പിക്കുന്നതും, ആയതും, സാധ്യതാ പഠനത്തിൽ, വിവരിച്ചിട്ടുള്ള മറ്റു ഗുണപരമായ ഘടകങ്ങളും പരിഗണിച്ചു കൊണ്ട് അപ്രകാരമുള്ള ഒരു തീരുമാനമെടുക്കേണ്ടതുമാണ്.

(7) പൊതുമേഖലാ താരതമ്യ നിർണ്ണയം, പൊതു-സ്വകാര്യ പങ്കാളിത്ത പ്രോജക്റ്റിന്റെ ദർഘാസ് ക്ഷണിക്കുന്ന ഘട്ടത്തിന് മുൻപ് കാലികമാക്കേണ്ടതും അപ്രകാരം കാലികമാക്കിയ പൊതുമേഖലാ താരതമ്യ നിർണ്ണയം താഴെപ്പറയുന്ന ആവശ്യങ്ങൾക്ക് മാർഗ്ഗദർശനമായി ഉപയോഗിക്കാവുന്നതുമാണ്, അതായത് :-

(എ) ദർഘാസുകളുമായിട്ടുള്ള താരതമ്യം;

(ബി) ഏറ്റവും കുറഞ്ഞ ദർഘാസ് നൽകുന്ന ആളുമായുള്ള ചർച്ച;

(സി) പൊതു-സ്വകാര്യ പങ്കാളിത്ത രീതിയിലാണോ അല്ലയോ ഒരു പ്രോജക്റ്റ് നടപ്പിലാക്കുന്നത് എന്ന് ദർഘാസ് അവാർഡ് ചെയ്യുന്നതിനുമുൻപ് അന്തിമ തീരുമാനം കൈക്കൊള്ളുന്നതിന്.

(8) ദർഘാസ് ലഭിച്ചയാൾക്ക് ലെറ്റർ ഓഫ് അവാർഡ് നൽകുന്നതിനുമുൻപ്, സ്വകാര്യ പങ്കാളി നൽകുന്ന പണത്തിന്റെ മൂല്യത്തിന്റെ മാനദണ്ഡം നിർണ്ണയിക്കുന്നതിനും നിരീക്ഷിക്കുന്നതിനും പ്രാപ്തമാകുന്നതിന് 'വാല്യൂ ഫോർ മണി ടെസ്റ്റ്' കാലികമാക്കേണ്ടതാണ്.

*7. <u>സാധ്യതാ പഠനം</u>*.- (1) ആക്റ്റിന്റെ 2-ാം വകുപ്പ് (എഉ) ഖണ്ഡത്തിൽ പ്രതിപാദിച്ചിട്ടുള്ള വിവരങ്ങൾക്കു പുറമേ, സാധ്യതാ പഠനത്തിൽ താഴെ പറയുന്ന വിവരങ്ങൾ കൂടി ഉൾപ്പെടുത്തേണ്ടതാണ്, അതായത്:-

(എ) ഓപ്ഷൻ അനാലിസിസ്, ഡിമാൻഡ് സപ്ലൈ പ്രൊജക്ഷൻ എന്നിവ ഉൾപ്പെടെ പ്രോജക്റ്റിന്റെ ഭൂമിശാസ്ത്രപരവും സാങ്കേതികവും സാമ്പത്തികവും, സാമൂഹികവുമായ സാധ്യതകളുടെ ആവശ്യകതകൾ ഉറപ്പാക്കുന്നതിനും നിർവ്വചിക്കുന്നതിനും ഉള്ള ഒരു വിപണി വിശകലനം;

(ബി) ആവശ്യമായ സൗകര്യങ്ങളും പ്രതീക്ഷിക്കുന്ന പ്രോജക്റ്റ് ചെലവും ഉൾപ്പെടെ വിപണി വിശകലനത്തെ അടിസ്ഥാനമാക്കിയിട്ടുള്ള സാങ്കേതിക മാനദണ്ഡങ്ങൾ അടങ്ങിയിട്ടുള്ള സാങ്കേതിക സാധ്യതാ വിശകലനം:

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

എന്നാൽ, പൊതു-സ്വകാര്യ പങ്കാളിത്ത രീതിയിൽ നടപ്പിലാക്കുവാനുദ്ദേശിക്കുന്ന പ്രോജക്റ്റുകൾക്ക് സാങ്കേതിക ഘടകങ്ങൾ, കീ പെർഫോർമൻസ് ഇൻഡിക്കേറ്റേഴ്സ് (Key Performance Indicators) എന്നിവ വ്യക്തമാക്കേണ്ടതും, ഇതിനെ അടിസ്ഥാനമാക്കി ഒരു ഏകദേശ പ്രോജക്ട് ചെലവ് നൽകേണ്ടതുമാണ്;

(സി) ബാധകമായ നിയമങ്ങളും ചട്ടങ്ങളും സംബന്ധിച്ചുള്ള നിയമപരമായ വിശകലനം;

(ഡി പ്രോജക്റ്റ് നടപ്പിലാക്കുന്നതിന് ശിപാർശ ചെയ്യപ്പെട്ട നിബന്ധനകൾക്കനുസൃതമായി പ്രോജക്റ്റിന്റെ ഘടനാരൂപീകരണം, പൊതു-സ്വകാര്യ പങ്കാളിത്ത രീതി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള സംഗതിയിൽ ആക്റ്റിന്റെ മൂന്നാം പട്ടിക പ്രകാരമുള്ള, ഉചിതമായ മാതൃകയിലുള്ള കൺസെഷൻ കരാർ;

(ഇ) പ്രോജക്റ്റിന്റെ പ്രതീക്ഷിത വരുമാന ഘടനയും, സാമ്പത്തികക്ഷമതയും, പൊതു ഏജൻസിക്കും സർക്കാരിനും അന്തിമ ഉപയോക്താക്കൾക്കും ഇതിന്റെ ചെലവ് വഹിക്കുന്നതിനുള്ള ശേഷിയും സംസ്ഥാന സഹായത്തിന്റെ ആവശ്യകത സംബന്ധിച്ച വിലയിരുത്തലും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു സാമ്പത്തിക അവലോകനം;

(എഫ്) സാമ്പത്തികചെലവും നേട്ടവും മനസ്സിലാക്കുന്നതിനായി, സാമ്പത്തിക ആന്തരിക വരുമാന നിരക്ക് (ഫിനാൻഷ്യൽ ഇന്റേണൽ റേറ്റ് ഓഫ് റിട്ടേൺ (IRR)), സാമൂഹിക നേട്ടങ്ങളും ചെലവും മനസിലാക്കുന്നതിനായി, ധനപരമായ വരുമാന തോത് (ഇക്കണോമിക് റേറ്റ് ഓഫ് റിട്ടേൺ (ERR)) എന്നിവ കണക്കാക്കിക്കൊണ്ടുള്ള പ്രോജക്റ്റിന്റെ ചെലവിന്റെയും പ്രയോജനത്തിന്റെയും വിശകലനം;

(ജി) റിസ്ക്കുകൾ കണ്ടെത്തിക്കൊണ്ടും, പ്രോജക്റ്റിന്റെ വിലയിരുത്തൽ പൊതു-സ്വകാര്യ പങ്കാളിത്ത രീതിയിൽ നടപ്പിലാക്കുന്ന സംഗതിയിൽ ഓരോ റിസ്ക്കും അവ ഏറ്റവും മെച്ചപ്പെട്ട രീതിയിൽ കൈകാര്യം ചെയ്യാനാവുന്ന പങ്കാളിക്ക് പകുത്ത് നൽകുന്ന കാര്യവും ഉൾപ്പെടുത്തിക്കൊണ്ടും പ്രോജക്റ്റ് റിസ്ക്ക് സംബന്ധിച്ച വിശകലനം. പ്രോജക്റ്റിന്റെ കാലയളവിൽ സർക്കാരോ പൊതു ഏജൻസിയോ വഹിക്കേണ്ടിവരുന്ന കടബാധ്യത തിട്ടപ്പെടുത്തലും സാധ്യതാ പഠനത്തിൽ ഉൾപ്പെടാവുന്നതാണ്;

എച്ച്) ഒരു പൊതു-സ്വകാര്യ പങ്കാളിത്ത രീതിയിൽ ഏറ്റെടുക്കുവാനുദ്ദേശിക്കുന്ന പ്രോജക്റ്റ് അനുയോജ്യമാണോ എന്ന ഒരു വിലയിരുത്തൽ;

(ഐ) ഒരു പ്രോജക്റ്റ് പൊതു-സ്വകാര്യ പങ്കാളിത്ത അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിന് അനുയോജ്യമാണോ എന്ന് വിലയിരുത്തുന്നതിനായി ഒരു വാല്യൂ ഫോർ മണി ടെസ്റ്റ്;

ജെ) സാങ്കേതിക സാമ്പത്തിക ക്ലോഷർവരെയുള്ള നിർദ്ദിഷ്ട വാങ്ങലുകളും അനുമതിയും ഉൾപ്പെടുന്ന രൂപരേഖയും, പ്രോജക്റ്റ് നിർമ്മാണസമയക്രമം, പ്രവർത്തനത്തിൽ കൊണ്ടുവരാനുദ്ദേശിക്കുന്ന തീയതി എന്നിവയും ഉൾപ്പെടുന്ന പദ്ധതി നിർവ്വഹണ സമയക്രമ പട്ടിക.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

8. *അവലോകനത്തിന്റെയും അനുമതിയുടെയും നടപടിക്രമം*.- ആക്റ്റിലെ വ്യവസ്ഥകൾ അനുസരിച്ച് നടപ്പിലാക്കേണ്ട പ്രോജക്റ്റുകൾക്ക് സർക്കാരിന്റെ അനുമതിയുണ്ടായിരിക്കേണ്ടതാണ്. പ്രോജക്റ്റ് നടപ്പിലാക്കുന്നതിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിളും സർക്കാരും ബോർഡുമായി ഒരു ത്രികക്ഷികരാറിൽ ഏർപ്പെടേണ്ടതാണ്. അതിനുശേഷം, സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ബോർഡോ സർക്കാരോ നിശ്ചയിക്കുന്ന പ്രകാരം, വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് ഉൾപ്പെടെ, ആവശ്യമായ പ്രോജക്റ്റ് റിപ്പോർട്ടുകൾ തയ്യാറാക്കേണ്ടതും ആയത് അവലോകനത്തിനും സാമ്പത്തിക അനുമതിക്കുമായി ബോർഡിലേക്ക് സമർപ്പിക്കേണ്ടതുമാണ്. ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പ്രോജക്റ്റ് റിപ്പോർട്ടുകളുടെ അവലോകനം നടത്തിക്കേണ്ടതും അംഗീകാരത്തിനായി ബോർഡ് മുമ്പാകെ സമർപ്പിക്കേണ്ടതുമാണ്. ബോർഡിന്റെ അംഗീകാരം ലഭിക്കുന്ന സംഗതിയിൽ ,ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ,സ്പെഷ്യൽ പർപ്പസ് വെഹിക്കിളിന് അപ്രകാരം സാമ്പത്തിക അനുമതി നൽകിക്കൊണ്ടുള്ള ഉത്തരവ് നൽകേണ്ടതാണ്.

9. *ധനസഹായത്തിനായി ബോർഡു മുമ്പാകെ സമർപ്പിക്കേണ്ട പ്രോജക്റ്റുകളെ സംബന്ധിച്ച റിപ്പോർട്ടുകൾ*.- (1) സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ പ്രോജക്റ്റുകൾ സമർപ്പിക്കുന്നതിന് മുമ്പായി, ബോർഡിന്റെ പി.എഫ്.എം.എസ്. വെബ് പോർട്ടലിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.

(2) ബോർഡിൽ നിന്നും പൂർണ്ണമായോ ഭാഗികമായോ സഹായം ലഭ്യമാക്കിക്കൊണ്ട് നടപ്പിലാക്കുന്നതിനായി കണ്ടെത്തിയിട്ടുള്ള പ്രോജക്റ്റുകൾക്ക് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ഒരു വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്. പ്രത്യേകം അനുമതി ലഭിച്ചതാണെങ്കിൽ, ഉപ-പ്രോജക്റ്റുകൾക്കും, പ്രോജക്റ്റിന്റെ ഘടകങ്ങൾക്കും പ്രത്യേക വിശദ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്. പ്രിന്റ് ചെയ്ത ഒരു പകർപ്പിന് പുറമെ പി.എഫ്.എം.എസ്. വെബ് പോർട്ടലിൽ ഉചിതമായ മാതൃകയിൽ വിശദ പ്രോജക്റ്റ് റിപ്പോർട്ട് അപ്‌ലോഡ് ചെയ്യേണ്ടതാണ്.

(3) വിശദ പ്രോജക്റ്റ് റിപ്പോർട്ട്, താഴെ പറയുന്ന വിശദാംശങ്ങൾ ഉൾപ്പെടെയുള്ള വിശദമായ എസ്റ്റിമേറ്റ് അടങ്ങുന്ന ഒരു സമഗ്രമായ റിപ്പോർട്ട് ആയിരിക്കുന്നതാണ്, അതായത് :-

(എ) പ്രോജക്റ്റിന്റെ പ്രധാനപ്പെട്ട ഘടകങ്ങളും സവിശേഷതകളും/ സംക്ഷിപ്തവും;

(ബി) ആവശ്യകതാ നിർണ്ണയം;

(സി) ഫംഗ്ഷണൽ ഡിസൈൻ;

(ഡി) എഞ്ചിനീയറിംഗ് ഡിസൈൻ;

(ഇ) വാല്യൂ എഞ്ചിനീയറിംഗ്;

(എഫ്) പ്രോജക്റ്റിൽ നിന്നുള്ള വരുമാന മാർഗ്ഗങ്ങൾ;

(ജി) നിർമ്മാണത്തിന് ആവശ്യമായ തുക;

(എച്ച്) നിക്ഷേപ മാനദണ്ഡങ്ങളും കോസ്റ്റ് ബെനിഫിറ്റ് അനാലിസിസും;

(ഐ) റിസ്ക് അസെസ്മെന്റും അവ തരണം ചെയ്യുവാനുള്ള വഴികളും;

(ജെ) പാരിസ്ഥിതിക വശങ്ങളും സുസ്ഥിരതയും;

(കെ) നിയമപരമായ ക്ലിയറൻസുകളും മറ്റ് അവശ്യ അംഗീകാരങ്ങളും;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(എൽ) വർക്ക് ബ്രേക്ക് ഡൗൺ സ്ട്രക്ചറും നിർവ്വഹണ കാലക്രമ പട്ടികയും;

(എം) പദ്ധതി നിർവ്വഹണത്തിനുള്ള സംവിധാനവും സംഘടനാ ശേഷിയും;

(എൻ) കരാർ നടത്തിപ്പ് രീതി;

(ഒ) ഗുണമേന്മ/ നിലവാരം ഉറപ്പുവരുത്തുവാനുള്ള രീതി;

(പി) പ്രവർത്തന പരിപാലന (Operation and Maintenance) രീതി.

(4) സർക്കാർ വകുപ്പുകൾ സ്പോൺസർ ചെയ്യുന്ന പൊതു സ്വകാര്യ പങ്കാളിത്ത രീതിയിലുള്ള പ്രോജക്റ്റുകളിൽ താഴെ പറയുന്ന കാര്യങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്.

(എ) വകുപ്പുകൾ നൽകുന്ന സാമ്പത്തികവും അല്ലാത്തതുമായ ഇളവുകൾ;

(ബി) പ്രോജക്റ്റിൽ നിന്നും ഈടാക്കുന്ന യൂസർ ചാർജിന്റെയും ഫീസുകളുടെയും സ്റ്റേറ്റ്മെന്റ്;

(സി) ബോർഡിൽ നിന്നും ലഭ്യമാക്കേണ്ട സാമ്പത്തിക സഹായത്തിന്റെ വിവരം (എത്ര തുക, ഏത് രീതി മുതലായവ);

(ഡി) ആർ.എഫ്.പി. യും (Request for Proposal, RFP) ആർ.എഫ്.ക്യൂ. (Request for Qualification, RFQ) ഉം ഉൾപ്പെടുന്ന കരട് ദർഘാസ് രേഖകൾ;

(ഇ) പെർഫോർമൻസ് കരാറും നിർമ്മാണ നിർവ്വഹണ മാനദണ്ഡങ്ങളും ഉൾപ്പെടുന്ന കരട് കൺസെഷൻ കരാർ.

*10. തുക നൽകുന്ന രീതി.*- തുക നൽകുന്ന രീതി ബോർഡ് നിശ്ചയിക്കുന്ന പ്രകാരമായിരിക്കുന്നതാണ്.

*11. സഹായധനത്തിന്റെ തിരിച്ചടവ്.*- വരുമാനദായകമായി ബോർഡ് നിശ്ചയിച്ചിട്ടുള്ള പ്രോജക്റ്റുകളെ സംബന്ധിച്ച് ബോർഡിൽനിന്നുമുള്ള സാമ്പത്തിക സഹായം തിരിച്ചടക്കുന്നതിനുള്ള, നിബന്ധനകളും വ്യവസ്ഥകളും വ്യക്തമാക്കിക്കൊണ്ടുള്ള ഒരു തിരിച്ചടവ് കരാർ പൊതു ഏജൻസിയുമായി ബോർഡ് ഉണ്ടാക്കേണ്ടതാണ്. തിരിച്ചടവ് കരാറിൽ, നേരിട്ടുള്ള തിരിച്ചടവ്, എസ്ക്രോ സംവിധാനം, എന്നിവ ഉൾപ്പെടെയുള്ള തിരിച്ചടവ് രീതിയും മാർഗ്ഗവും വ്യക്തമാക്കേണ്ടതാണ്.

